**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 765** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഹൗസ്സ് ബോട്ടുകൾക്ക് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | ഹൗസ്സ് ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളെന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ഇൻലാൻഡ് വെസൽ ആക്ട് 2021, ഇൻലാൻഡ് വെസൽ റൂൾസ് 2022, 2023 എന്നീ നിയമങ്ങളും ചട്ടങ്ങളും പ്രകാരമാണ് നിലവിൽ പുതിയ ഹൗസ് ബോട്ടുകളും പുതിയ ഉൾനാടൻ ജലവാഹനങ്ങളും രജിസ്റ്റർ ചെയ്യുന്നത്. ഇൻലാൻഡ് വെസൽ ആക്ട് 2021 പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നിലവിലുള്ള ബോട്ടുകൾക്ക് കേരളാ ഇൻലാൻഡ് വെസൽ റൂൾസ് 2010 പ്രകാരമുള്ള സർവേ, രജിസ്ട്രേഷൻ നടപടികൾ തുടരാവുന്നതാണ്. പുതിയ ജലവാഹനങ്ങളുടെ നിർമ്മാണം, സർവേ, രജിസ്ട്രേഷൻ നടപടിക്രമങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>പുതിയ ജലവാഹനങ്ങളുടെ നിർമ്മാണവും രജിസ്ട്രേഷനും</u>**<br><br>1. പുതിയ ബോട്ടുകൾ നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പ് ഏതെങ്കിലും പരിചയ സമ്പന്നനായ ഒരു നേവൽ ആർക്കിടെക്ട് തയാറാക്കുന്ന പ്രാഥമിക ഡ്രോയിംഗ്സ്, പ്രിലിമിനറി സ്റ്റെബിലിറ്റി റിപ്പോർട്ട് എന്നിവ സഹിതം ബന്ധപ്പെട്ട പോർട്ട് ഓഫ് രജിസ്ട്രിയിൽ നിശ്ചിത അപേക്ഷ സമർപ്പിക്കണം.<br><br>2. പോർട്ട് ഓഫ് രജിസ്ട്രിയിൽ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ കേരളാ മാരിടൈം ബോർഡ് നിയമിച്ചിരിക്കുന്നതും, നേവൽ ആർക്കിടെക്ട് യോഗ്യത യുള്ളതുമായ ഒരു സർവേയർക്ക് രജിസ്റ്ററിങ്ങ് അതോറിറ്റിയുടെ നിർദ്ദേശപ്രകാരം കൈമാറുന്ന താണ്. അദ്ദേഹം മേൽപ്പറഞ്ഞ രേഖകൾ പരിശോധിച്ച് ജലവാഹനം 'ബി' അല്ലെങ്കിൽ 'സി' വിഭാഗത്തിൽപ്പെടുന്നതാണോയെന്ന് ഉറപ്പാക്കുകയും, അംഗീകരിക്കാവുന്നതാണെങ്കിൽ കേരളാ മാരിടൈം ബോർഡിന്റെ അംഗീകാരമുള്ള യാർഡിൽ ബോട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതി |

നൽകുകയും ചെയ്യും. അനുമതി നൽകാൻ സാധിക്കുന്നതല്ലെങ്കിൽ കാരണങ്ങൾ ചൂണ്ടിക്കാട്ടി അപേക്ഷ നിരസിക്കും.

3. ബോട്ടിന്റെ നിർമ്മാണം തുടങ്ങിയ ശേഷം ഹൾ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് സർവേയർ ബോട്ടിന്റെ ഹൾ സർവേ നടത്തും. ഹൾ ലോഞ്ചിങ്ങിനുള്ള അനുമതി ലഭിച്ച ശേഷം ബാക്കിയുള്ള നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇനിഷ്യൽ സർവ്വേയ്ക്ക് ഫീസ് സഹിതം അപേക്ഷ അതാത് പോർട്ട് ഓഫ് രജിസ്ട്രിയിൽ സമർപ്പിക്കണം. ഈ സർവേയിൽ ജീവനക്കാരുടെ സർട്ടിഫിക്കറ്റുകൾ, ബോട്ടിൽ ആവശ്യമുള്ള ജീവൻ രക്ഷാ ഉപകരണ ങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ തുടങ്ങിയവയും, ബോട്ടിന്റെ കണ്ടീഷനും നേരിൽ പരിശോധിച്ച് സർവേയർ ഡിക്ലറേഷൻ ഓഫ് സർവേ നൽകും. ഇത് മറ്റൊരു സർവേയർ പരിശോധിച്ച ശേഷം സർവേ സർട്ടിഫിക്കറ്റ് നൽകും. ഈ സർവേ സർട്ടിഫിക്കറ്റിന്റെ കാലാവധി അഞ്ചുവർഷമാണെങ്കിലും എല്ലാ വർഷവും സർവേ നടത്തി എൻഡോഴ്സ്മെന്റ് ചെയ്യേണ്ടതായിട്ടുണ്ട്.

4. സർവേ സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം ഡിക്ലറേഷൻ ഓഫ് ഓണർഷിപ്പ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകളും നിശ്ചിത ഫീസും സഹിതം അതാത് പോർട്ട് ഓഫ് രജിസ്ട്രിയിൽ രജിസ്ട്രേഷനു വേണ്ടി അപേക്ഷ നൽകണം. ലഭിക്കുന്ന അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് രജിസ്റ്ററിങ്ങ് അതോറിറ്റി ബോട്ടിന് രജിസ്ട്രേഷൻ നൽകും. പുതിയ ഐവി റൂൾസ് 2022 പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി നിജപ്പെടുത്തിയിട്ടില്ല.

5. എല്ലാ ഉൾനാടൻ ജലവാഹനങ്ങളും രണ്ടര വർഷത്തിലൊരിക്കൽ ഡോക്കിങ്ങ് സർവേ നടത്തിയിരിക്കേണ്ടതാണ്.

**<u>പഴയ ജലവാഹനങ്ങളുടെ സർവേയും രജിസ്ട്രേഷനും</u>**

ഇൻലാൻഡ് വെസൽ ആക്ട് 2021 നിലവിൽ വരുന്നതിനു മുമ്പ് നിലവിലുണ്ടായിരുന്ന ജലവാഹനങ്ങളുടെ സർവേ, രജിസ്ട്രേഷൻ നടപടികൾ നിലവിൽ കേരളാ ഇൻലാൻഡ് വെസൽ റൂൾസ് 2010 പ്രകാരമാണ് ചെയ്യുന്നത്. ഇത് പ്രകാരം ഇൻലാൻഡ് വെസൽ ആക്ട് 2021 നിലവിൽ വരുന്നതിനു മുമ്പ് കീൽ ലേയിങ്ങ് ചെയ്ത വെസലുകൾക്കും, സർവേയും രജിസ്ട്രേഷനും പൂർത്തിയാക്കിയ വെസലുകൾക്കും കേരളാ ഇൻലാൻഡ് വെസൽ റൂൾസ് 2010 ആണ്

| | | | |
|---|---|---|---|
| | | | ബാധകമായുള്ളത്. ഇത് പ്രകാരം എല്ലാ ജല വാഹനങ്ങളും വാർഷിക സർവേയ്ക്ക് ഹാജരാക്കേണ്ട തുണ്ട്. സർവേ സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം ഡിക്ലറേഷൻ ഓഫ് ഓണർഷിപ്പ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകളും നിശ്ചിത ഫീസും സഹിതം അപേക്ഷ നൽകി അഞ്ച് വർഷത്തിലൊരിക്കൽ രജിസ്ട്രേഷൻ പുതുക്കേണ്ടതു മാണ്. ഈ ജലവാഹനങ്ങൾ രണ്ടര വർഷത്തിലൊരി ക്കൽ ഡ്രൈഡോക്ക് സർവേ നടത്തിയിരിക്കേണ്ട താണ്. |
| (ബി) | പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന ഹൗസ്സ് ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ച നിർമ്മിച്ച ഹൗസ് ബോട്ടുകളുടെ സർവേ, രജിസ്ട്രേഷൻ നടപടികൾക്ക് നിലവിൽ കാലതാമസം നേരിടുന്നില്ല. എന്നാൽ ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയുടെ പരിധിയിൽ പുതിയ ജലവാഹനങ്ങളുടെ നിർമ്മാണ അനുമതി നൽകുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണം പുന:പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.01.2024 -ൽ കൂടിയ യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്ത് കൊണ്ടുള്ള ഉത്തരവ് നിലനിൽക്കുന്നതിനാലും ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയുടെ പരിധിയിൽ പുതിയ ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷൻ നിലവിൽ നൽകാൻ നിർവ്വാഹമില്ല. ബഹു. ഹൈക്കോടതി സ്റ്റേ ഒഴിവാക്കാൻ കേരള മാരിടൈം ബോർഡും തുറമുഖ വകുപ്പും എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്ന മുറയ്ക്ക് ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിലും പുതിയ യാനങ്ങൾക്ക് രജിസ്ട്രേഷൻ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇപ്രകാരം ലൈസൻസ് ലഭ്യമാകാത്ത ഹൗസ്സ് ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നിലവിലെ ഐ.വി. ആക്ട്, 2021-ലെ മാനദണ്ഡങ്ങൾ പാലിച്ച നിർമ്മിച്ച ഹൗസ് ബോട്ടുകൾ സർവേ, രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് അതാത് പോർട്ട് ഓഫ് രജിസ്ട്രിയെ സമീപിക്കാവുന്നതാണ്. ഇത്തരം അപേക്ഷകൾ ലഭ്യമായാൽ ആയത് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ, അനുമതി കൂടാതെ നിർമ്മിച്ച ജലവാഹനങ്ങൾ നിയമത്തിനു കീഴിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് 07.06.2018 -ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനവും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ മാരിടൈം ബോർഡിന്റെ 23.11.2023-ലെ HOKMB-TVM/743/2023-B3 നമ്പർ കത്തിലെ നിർദ്ദേശവും പ്രകാരം പ്രസ്തുത ബോട്ടുകൾ നിലവിലെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നവ യെങ്കിൽ ആലപ്പുഴയൊഴികെയുള്ള പോർട്ട് ഓഫ് രജിസ്ട്രികളിൽ |

| | | | |
|---|---|---|---|
| | | | അവയുടെ സർവേ, രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രി ഒഴികെയുള്ള 5 പോർട്ട് ഓഫ് രജിസ്ട്രികളിൽ (വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ) നിയമാനുസൃതം (IV Act, 2021, IV Rule 2022, 2023) നിർമ്മിച്ച എല്ലാ ഹൗസ് ബോട്ടുകൾക്കും സമയബന്ധിതമായി രജിസ്ട്രേഷൻ നല്കി വരുന്നു. ഇങ്ങനെ രജിസ്ട്രേഷൻ ലഭിക്കാത്ത അവസ്ഥ ഒരു പോർട്ട് ഓഫ് രജിസ്ട്രികളിലും ഇല്ല. ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ പുതിയ ബോട്ടുകൾക്ക് രജിസ്ട്രേഷൻ നല്കുന്നതിന് ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാൽ രജിസ്ട്രേഷൻ നടപടികൾ നടത്തുന്നില്ല. |
| (ഡി) | ലൈസൻസുകൾ ഇല്ലാതെതന്നെ ഹൗസ്സ് ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | കെ.ഐ.വി അക്രഡിറ്റേഷനുള്ള യാർഡുകളിൽ ഹൗസ് ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അനുമതിയില്ലാതെ നടന്നുവരുന്നതായി കണ്ടെത്തിയിട്ടില്ല. എന്നാൽ, അനധികൃതമായി സർവീസ് നടത്തുന്ന യാനങ്ങളെ പിടിച്ചുകെട്ടുന്നതിനു വേണ്ടി ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയുടെ കീഴിൽ ഡിറ്റൻഷൻ യാർഡ് ആരംഭിച്ചതിനുശേഷം മുതൽ 2024 മെയ് വരെയുള്ള കാലയളവിൽ രജിസ്ട്രേഷനില്ലാത്ത 16 ഹൗസ് ബോട്ടുകൾ സർവീസ് നടത്തുന്നതായി പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്. അംഗീകാരമില്ലാതെ നിർമ്മാണം നടത്തുന്ന ഇത്തരം ഹൗസ് ബോട്ടുകൾക്ക് രജിസ്ട്രേഷൻ നല്കുന്നതല്ല. എന്നാൽ IV Act, 2021ലെ Section 87(2) പ്രകാരം ഉള്ള ലംഘനങ്ങൾക്ക് അനുശാസിക്കുന്ന പിഴ ഈടാക്കിക്കൊണ്ട് അത്തരം ബോട്ടുകളെയും നിയമത്തിന് കീഴിൽ കൊണ്ടുവരാൻ നടപടികൾ എടുക്കുന്നതാണ്. കൂടാതെ തീരദേശ പോലീസിന്റെ സഹായത്തോടുകൂടി കേരള മാരിടൈം ബോർഡിലെ ഉദ്യോഗസ്ഥർ വിവിധ രീതികളിൽ ആകസ്മിക പരിശോധന ഉൾപ്പെടെയുള്ള പരിശോധനകൾ നടത്തി പിഴ ചുമത്തുകയും, ഈ ബോട്ടുകളെ ഡിറ്റൻഷൻ യാർഡുകളിൽ പിടിച്ചുകെട്ടി നിയമ പ്രകാരമുള്ള പിഴ ഈടാക്കുകയും നിയമാനുസൃത മായ നടപടികൾ പൂർത്തിയാക്കുകയും ചെയ്ത ശേഷം ഇത്തരം യാനങ്ങൾ ഡിറ്റൻഷൻ യാർഡിൽ നിന്നും വിട്ടു നല്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ